# 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2025 സെപ്റ്റംബർ 29 -ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

2025 സെപ്റ്റംബർ 29 -ാം തീയതി സമർപ്പിച്ചത്

975 /2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീ. പി. രാജീവ്,
നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ )

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കായി അയച്ച 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 263), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ 2025 സെപ്റ്റംബർ 10-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 സെപ്റ്റംബർ 17-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 സെപ്റ്റംബർ 24-ാം തീയതി വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 4

(1) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന 16 ബി വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിലെ "ഈ ആക്റ്റ്" എന്നതിന് പകരം "(1)-ാം ഉപവകുപ്പ്" എന്നീ ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കുക;

(ii) (3)-ാം ഉപവകുപ്പിലെ "ഈ ആക്റ്റ്" എന്നതിന് പകരം "(1)-ാം ഉപവകുപ്പ്" എന്നീ ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കുക .

(2) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ഡി (1)-ൽ,—

(i) "പ്രകാരമുള്ള കുറ്റങ്ങൾ" എന്നതിനുശേഷം "രാജിയാക്കുന്നതിന്," എന്ന വാക്കും ചിഹ്നവും ചേർക്കുക;

(ii) "മുൻപാകെ" എന്നതിന് ശേഷമുള്ള "കുറ്റങ്ങൾ രാജിയാക്കുന്നതിന്" എന്നീ വാക്കുകൾ ഒഴിവാക്കുക;

(iii) "പരമാവധി" എന്ന വാക്ക് ഒഴിവാക്കുക.

4. മറ്റു ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

**പി. രാജീവ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IV*

തിരുവനന്തപുരം,
2025 സെപ്റ്റംബർ, 29.

<u>അനുബന്ധം I</u>

## വിയോജനക്കുറിപ്പ്

ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പിലാക്കുന്നതിനായി 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിലെ നടപടിക്രമ ലംഘനങ്ങൾ, കുറ്റകൃത്യങ്ങൾ, പിഴ മുതലായവയിൽ നിലവിലെ ശിക്ഷാവ്യവസ്ഥകൾക്ക് പകരം പിഴ ശിക്ഷ ചുമത്തുന്നതിനും പിഴ ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ് മൂന്നാം വകുപ്പ് പ്രകാരം, കയർ തൊഴിലാളി ക്ഷേമനിധിയുടെ ആവശ്യത്തിലേക്കായി ഒരു വ്യാപാരിയുടെ മൊത്ത വിറ്റുവരവിന്റെ ഒരു ശതമാനത്തിൽ കവിയാത്ത നിരക്കിൽ ഉള്ള തുക സെസ്സായി പിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയിൽ നിന്നും 1%-ത്തിൽ കവിയാത്ത തുക സെസ്സ് പിരിക്കുവാനുള്ള ചെലവിനായി വകയിരുത്തിയ ശേഷം, ശേഷിക്കുന്ന മുഴുവൻ തുകയും ഓരോ വർഷവും ജൂൺ 30-ന് മുമ്പായി കയർ തൊഴിലാളി ക്ഷേമ ബോർഡിന്റെ ഫണ്ടിലേക്ക് നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

കയർ തൊഴിലാളി ക്ഷേമ ബോർഡിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിനും ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള മാർഗം എന്ന രീതിയിലാണ് പ്രസ്തുത നിയമനിർമാണം നടത്തിയത്. എന്നാൽ ഈ നിയമം ഫലപ്രദമായി നടപ്പാക്കി സെസ്സ് പിരിച്ചെടുത്ത് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് പര്യാപ്തമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഇപ്രകാരം സെസ്സ് പിരിക്കുന്നതിനെതിരെ വ്യാപാരികൾ നൽകിയ കേസ് കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തൊഴിലാളികൾക്ക് അനുകൂലമായ തീരുമാനം ഉണ്ടാകുന്ന രീതിയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സർക്കാർ തയ്യാറായിട്ടില്ല. കൂടാതെ, നാളിതുവരെ സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത നാമമാത്രമായ തുക പോലും ക്ഷേമനിധി ബോർഡിലേക്ക് കൈമാറി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. ഇപ്രകാരം കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലാണ് തൊഴിലാളികളെ അവഗണിക്കുന്ന നിയമനിർമ്മാണ നിർദേശം സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. കൂടാതെ 2021-ൽ കയർ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള തൊഴിലാളി വിഹിതം പ്രതിമാസം 20 രൂപയായി വർദ്ധിപ്പിച്ചപ്പോൾ, ക്ഷേമനിധി നിയമപ്രകാരം നൽകേണ്ടിയിരുന്ന രണ്ടിരട്ടി തുക മാച്ചിംഗ് ഗ്രാൻഡ് ആയി അനുവദിക്കാതെ തൊഴിലാളി വിഹിതത്തിന്റെ നേർപകുതിയായ പത്ത് രൂപയായി

മാച്ചിങ് ഗ്രാൻഡ് കുറയ്ക്കുന്ന നിയമഭേദഗതിയാണ് സർക്കാർ നടപ്പാക്കിയത്. ഈ നടപടിയിലൂടെ ക്ഷേമനിധി ബോർഡ് കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്ന സാഹചര്യം ഉണ്ടായി. പ്രസ്തുത നിയമ ഭേദഗതി സഭയിൽ വന്നപ്പോൾ പ്രതിപക്ഷ അംഗങ്ങൾ ഈ കാര്യം വളരെ വ്യക്തമായി ചൂണ്ടിക്കാട്ടിയിരുന്നതാണ്.

ജീവനക്കാർക്ക് ശമ്പളം നൽകുവാൻ പോലും കഴിയാത്ത കടുത്ത പ്രതിസന്ധിയിലേക്ക് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് നീങ്ങിയിരിക്കുകയാണ്. വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് അനുവദിച്ച ഒരു കോടി രൂപ വകമാറ്റി ചെലവഴിച്ചാണ് ഓണത്തിന് ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടുള്ളത്. ക്ഷേമനിധി ബോർഡിൽ നിന്നുള്ള മുഴുവൻ ആനുകൂല്യങ്ങളും നിലവിൽ മുടങ്ങിയിരിക്കുകയാണ്.

കയർ തൊഴിലാളി ക്ഷേമ സെസ്സ് പിരിച്ചെടുത്ത് ബോർഡിന് കൈമാറിയും ക്ഷേമനിധിയിലേക്കുള്ള സർക്കാരിന്റെ മാച്ചിംഗ് ഗ്രാൻഡ് തൊഴിലാളി വിഹിതത്തിന്റെ ഇരട്ടിയായി വർധിപ്പിച്ചും ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക വിതരണം ചെയ്യുന്നതിനും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും അനുയോജ്യമായ നടപടികൾ സ്വീകരിക്കാത്തതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

മഞ്ഞളാംകുഴി അലി (ഒപ്പ്)

പി. സി. വിഷ്ണുനാഥ് (ഒപ്പ്)

അനുബന്ധം II

# 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളേയും നക്ഷത്ര ചിഹ്നം ഒഴിവാക്കിയതിനെയും സൂചിപ്പിക്കുന്നു.]

## 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട്

## ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിലെ (2008-ലെ 20) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം (എഎ) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിന് മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(എ) "അപ്പീൽ അധികാരി" എന്നാൽ 12-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽ അധികാരി എന്നർത്ഥമാകുന്നു;";

(ii) (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡിഎ) "കോമ്പൗണ്ടിംഗ് ഓഫീസർ" എന്നാൽ 16 ഡി വകുപ്പ് പ്രകാരം സർക്കാർ നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;".

3. 16-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "ആറുമാസക്കാലംവരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിഅയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപവകുപ്പിൽ, "ആറുമാസക്കാലം വരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിഅയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (3)-ാം ഉപവകുപ്പിൽ, "മൂന്നുമാസക്കാലം വരെ ആകാവുന്ന തടവോ രണ്ടായിരത്തി അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിഅയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) (4)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

4. 16-ാം വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"16 എ. പിഴ ചുമത്തുന്നതിന് മുൻപുള്ള അവസരം നൽകൽ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 16-ാം വകുപ്പ് പ്രകാരമുള്ള പിഴ ചുമത്തുന്നതിനായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി വ്യവസായ/കയർ വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കാവുന്നതും, അദ്ദേഹം പിഴ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ പാലിക്കാൻ വ്യാപാരിക്ക് തൊണ്ണൂറ് ദിവസത്തിൽ അധികരിക്കാത്ത ഒരു സമയപരിധി രേഖാമൂലം നിശ്ചയിച്ച് നൽകേണ്ടതും, പ്രസ്തുത സമയപരിധിക്കുള്ളിൽ വ്യാപാരി മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വ്യാപാരിക്കെതിരെ അത്തരത്തിലുള്ള നടപടികളൊന്നും തന്നെ ആരംഭിക്കാൻ പാടില്ലാത്തതുമാണ്.

16 ബി. പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷ.—(1) 16-ാം വകുപ്പ് പ്രകാരം പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരാളും ആറു മാസക്കാലം വരെയാകാവുന്ന തടവും പിഴത്തുകയുടെ ഇരട്ടിപ്പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും, ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും, പിഴ ചുമത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടെയും അദ്ദേഹത്തിന്റെ രേഖാമൂലമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാണ്.

16 സി. പിഴ ചുമത്താൻ ഉദ്യോഗസ്ഥർക്കുള്ള അധികാരം.—(1) ഈ ആക്റ്റിലെ 16-ാം വകുപ്പ് പ്രകാരം പിഴ ചുമത്തുന്നതിലേയ്ക്കായി 16 എ വകുപ്പ് പ്രകാരം സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു അന്വേഷണം നടത്തിയതിനുശേഷം, ഈ ആക്റ്റ് പ്രകാരമുള്ള ഒരു പിഴ ചുമത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്തുമ്പോൾ, ഉദ്യോഗസ്ഥന് വിഷയത്തിന്റെ വസ്തുതകളുമായും സാഹചര്യങ്ങളുമായും നേരിട്ട് അറിവുള്ള ഏതൊരാളെയും തെളിവ് നൽകുന്നതിനായോ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ അന്വേഷണവുമായി ബന്ധപ്പെട്ട വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആകുന്നതുമായ, ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ വിളിച്ചുവരുത്തുന്നതിനും ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതും, അത്തരം അന്വേഷണത്തിൽ ആ ആൾ കുറ്റം ചെയ്തുവെന്ന് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു പിഴ ചുമത്തേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഒരു ഉത്തരവിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവ് അയാളെ അറിയിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപ്പീൽ അധികാരി മുമ്പാകെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതവും ഒരു അപ്പീൽ നൽകാവുന്നതാണ് :

എന്നാൽ, യഥാസമയം അപ്പീൽ നൽകുന്നതിൽ നിന്നും മതിയായ കാരണത്താൽ അപ്പീൽവാദി തടയപ്പെട്ടിരുന്നുവെന്ന് അപ്പീൽ അധികാരിക്ക് ബോധ്യമാകുന്നപക്ഷം, നിശ്ചിത സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം ബോധിപ്പിക്കുന്ന അപ്പീലും അപ്പീൽ അധികാരിക്ക് പരിഗണിക്കാവുന്നതാണ്.

(4) അപ്പീൽ അധികാരിക്ക് അപ്പീൽ കക്ഷികളെ കേൾക്കുന്നതിനുള്ള ഒരവസരം നൽകിയതിനുശേഷം, അപ്പീൽ ലഭിച്ച തീയതി മുതൽ അറുപതുദിവസത്തിനുള്ളിൽ, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകിയിട്ടുള്ളത് ആ ഉത്തരവ് സ്ഥിരീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നത് ഉചിതമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(5) പിഴയായി ഈടാക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

16 ഡി. കുറ്റങ്ങൾ രാജിയാക്കൽ.—(1) 16 ബി വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾക്കു മുൻപോ പിൻപോ കുറ്റാരോപിതന്, സർക്കാർ വിജ്ഞാപന പ്രകാരം നിയോഗിക്കുന്ന വ്യവസായ/കയർ വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള കോമ്പൗണ്ടിംഗ് ഓഫീസർ മുൻപാകെ [***] അപേക്ഷ സമർപ്പിക്കാവുന്നതും പ്രസ്തുത വ്യവസ്ഥ പ്രകാരം ചുമത്തിയിട്ടുള്ള പിഴത്തുകയുടെ [***] എഴുപത്തിയഞ്ച് ശതമാനം ഒടുക്കിയാൽ കോമ്പൗണ്ടിംഗ് ഓഫീസർക്ക് രാജിയാക്കാവുന്നതുമാണ്.

(2) കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള എല്ലാ അപേക്ഷകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും നൽകേണ്ടതാണ്.

(3) പ്രോസിക്യൂഷൻ നടപടികൾക്ക് മുൻപായി കുറ്റങ്ങൾ രാജിയാക്കുക യാണെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ കുറ്റാരോപിതനുമേൽ പ്രസ്തുത കുറ്റവുമായി ബന്ധപ്പെട്ട് യാതൊരു പ്രോസിക്യൂഷൻ നടപടികളും ആരംഭിക്കാൻ പാടുള്ളതല്ല.

(4) പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിനുശേഷം കുറ്റങ്ങൾ രാജിയാക്കുന്നത് കോടതിയുടെ അനുമതിയോടുകൂടി ആയിരിക്കേണ്ടതും അപ്രകാരമുള്ള രാജിയാക്കലിന് ശേഷം കുറ്റാരോപിതൻ പ്രസ്തുത കുറ്റത്തിൽ നിന്നും കുറ്റവിമുക്തനാകുന്നതുമാണ്.”.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2025 സെപ്റ്റംബർ, 24.

**ഡോ. എൻ. കൃഷ്ണ കുമാർ,**
*സെക്രട്ടറി.*